(Pages : 4) **1076**

# MAR IVANIOS COLLEGE (AUTONOMOUS)
# THIRUVANANTHAPURAM

**Reg. No. :…………………** **Name :………………….**

**Second Semester Career Related B.A. / B.Sc. Degree Examination, June 2015**

**First Degree Programme under CBCSS**

**Additional Language: Malayalam – II**

**AUML211.4: Drishyakalasahithyam**

Time: **3** Hours Max. Marks: **80**

## SECTION – A

*എല്ലാ ചോദ്യത്തിനും ഒരു വാക്കിലോ രണ്ടു വാക്യത്തിൽ കവിയാതെയോ ഉത്തരമെഴുതുക.*

1. 'അവൻ വീണ്ടും വരുന്നു' സി. ജെ. തോമസിന്റെ ആദ്യത്തെ നാടകമാണ് - ഈ പ്രസ്താവന ശരിയാണോ ?
2. ഉയരുന്ന യവനിക എന്ന നാടകനിരൂപണഗ്രന്ഥം എഴുതിയതാര് ?
3. നളചരിതം ആട്ടക്കഥയുടെ ഇതിവൃത്തം സ്വീകരിച്ചത് ഏതു കൃതിയിൽ നിന്നാണ് ?
4. കടവ് എന്ന സിനിമയ്ക്ക് ആധാരമായ കഥ ഏതാണ് ? എഴുതിയത് ആര് ?
5. 'കടവ്' സിനിമയിൽ ബീരാൻ എന്ന കഥാപാത്രമായി അഭിനയിച്ചത് ആര് ?
6. ''ഗന്ധദ്വിപപ്രൗഢമന്ദസഞ്ചാരിണി'' എന്ന് കുഞ്ചൻ നമ്പ്യാർ വിശേഷിപ്പിച്ചിരിക്കുന്നത് ആരെയാണ് ?
7. ആധുനിക സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ എന്ന ഗ്രന്ഥത്തിന്റെ ജനറൽ എഡിറ്റർ ആരാണ് ?
8. കഥകളി എന്ന കലാരൂപത്തിന്റെ സാഹിത്യരൂപം ഏത് പേരിലാണ് അറിയപ്പെടുന്നത് ?
9. ''സാമൂഹ്യപ്രതിഫലനമല്ല കല. സ്ഥിതിവിവരണക്കണക്കുകളാണതിന് നല്ലത്'' - ധിക്കാരിയുടെ കാതൽ എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതിയത് ആരാണ് ?

P.T.O.

10. ‘‘സ്വരത്തിനുടെ മാധുര്യം കേട്ടാ-

ലൊരുത്തിയെന്നതു നിശ്ചേയം’’ - ഏത് കൃതിയിലേതാണ് ഈ വരികൾ ?

**(10 x 1 = 10 Marks)**

## SECTION – B

***ഒരു** ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.*

11. ‘‘മനുഷ്യപുത്രനെചൊല്ലി കരയാതെ, മറിയാമ്മച്ചേട്ടത്തീ. ഈ ലോകം നശ്വരം. അവസാനകാലം അടുത്തിരിക്കുന്നു’’- ഈ വാക്കുകൾ ആര് ആരോട് പറയുന്നതാണ് ? സന്ദർഭം എഴുതുക ?

12. ‘‘മരത്തിനിടയിൽ, കാണമേ സു-

ന്ദരത്തിനുടെ സാദൃശ്യേകം’’ - സന്ദർഭവും വ്യാഖ്യാനവും എഴുതുക ?

13. ‘‘പെണ്ണിന്റെ ചൊൽ കേട്ടു ചാടിപ്പുറപ്പെട്ടു

പൊണ്ണൻ മഹാഭോഷനയ്യോ മഹാജളൻ’’-

സന്ദർഭവും ആശയവും വ്യക്തമാക്കുക.

14. കടവുകാരന്റെ സഹായിയായ രാജൂ, മൂലകഥയിൽ ആരാണ് ? രാജുവും തോണിയും തമ്മിലുള്ള ബന്ധം വിവരിക്കുക.

15. ചലച്ചിത്രത്തിന്റെ തിരക്കഥയുടെ പ്രസക്തിയെന്ത് ?

16. ‘‘പെൺകുട്ടി : ‘‘എന്റെയല്ല. കൊണ്ടുപൊയ്ക്കോളൂ.’’ രാജുവിന്റെ കൈ സാവധാനം താഴുന്നു. പാദസരം താഴെ വീഴുന്ന ശബ്ദം കേൾക്കാം. രാജു അവളെ വേദനയോടെ നോക്കി. അവൾ നോട്ടത്തിന് മുന്നിൽ പതറി’’- ഈ സംഭാഷണത്തിന്റെയും ദൃശ്യത്തിന്റെയും പ്രാധാന്യം വിവരിക്കുക ?

17. അവൻ വീണ്ടും വരുന്നു എന്ന നാടകത്തിലെ എല്ലാ ദുരന്തങ്ങൾക്കും നിദാനം സമ്പത്താണ്. വിശദമാക്കുക.

18. ‘‘ദൈവത്തെക്കൊണ്ട് എനിക്ക് വലിയ ശല്യമില്ല. മനുഷ്യനാണ് ഉപദ്രവിക്കുന്നത്.’’ സന്ദർഭവും ആശയവും എഴുതുക. ?

19. ഉയരുന്ന യവനിക എന്ന കൃതിയുടെ പ്രാധാന്യം വിവരിക്കുക.

20. കഥകളിയിലെ അഭിനയരീതികളെക്കുറിച്ച് വിവരിക്കുക.

21. തുള്ളൽ എന്ന കലാരൂപത്തിന്റെ സാഹിത്യരൂപമാണ് 'തുള്ളൽക്കവിത'- ആശയം വ്യക്തമാക്കുക.

22. അവൻ വീണ്ടും വരുന്നു എന്ന നാടകത്തിന്റെ സാമൂഹികപ്രസക്തി വിവരിക്കുക.

**(8 x 2 = 16 Marks)**

## SECTION – C

*120 വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.*

23. ''ഇത്ഥം പറഞ്ഞും ഗദയും വഹിച്ചുകൊ-
ണ്ടുത്ഥാനവും ചെയ്തു ഗന്ധവാഹാത്മജൻ''-
എന്തെല്ലാം കാര്യങ്ങളാണ് ഭീമൻ പാഞ്ചാലിയോട് പറഞ്ഞത് ?

24. ഭീമസേനന്റെ കാട്ടിലൂടെയുള്ള യാത്ര വിവരിക്കുക.

25. അവൻ വീണ്ടും വരുന്നു എന്ന നാടകത്തിലെ സാറാമ്മ എന്ന കഥാപാത്രത്തിന്റെ സ്വഭാവം വിലയിരുത്തുക.

26. ഉപദേശി എന്ന കഥാപാത്രത്തിന്റെ സൃഷ്ടി, അവൻ വീണ്ടും വരുന്നു എന്ന നാടകത്തിൽ എത്രമാത്രം അനിവാര്യമാണ് ?

27. അവൻ വീണ്ടും വരുന്നു എന്ന നാടകത്തിലെ സംഭാഷണത്തിൽ കാണാവുന്ന പുതുമയെപ്പറ്റി ഉപന്യസിക്കുക.

28. ''എം.ടി.യുടേതാണ് തിരക്കഥയെങ്കിൽ സംവിധാനം അനായാസമാകും.''- ഈ അഭിപ്രായം കടവ് എന്ന തിരക്കഥയെ ആധാരമാക്കി ചർച്ച ചെയ്യുക.

29. ബീരാൻ എന്ന കഥാപാത്രത്തിന് 'കടവ്' തിരക്കഥയിലുള്ള പ്രാധാന്യം വിവരിക്കുക.

30. ദമയന്തിയേയും കാട്ടാളനേയും ഉണ്ണായിവാരിയർ ചിത്രീകരിച്ചിരിക്കുന്ന വിധം വിവരിക്കുക.

31. ''മലയാളിയുടെ ശാകുന്തളമാണ് നളചരിതം'' - ഈ വിശേഷണം കൊണ്ട് അർത്ഥമാക്കുന്നതെന്താണ് ?

**(6 x 4 = 24 Marks)**



P.T.O.

## SECTION – D

***നാലു പുറത്തിൽ** കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.*

32. ''യുദ്ധം അക്രമമാണ്. യുദ്ധകാലത്ത് മനുഷ്യൻ മഹാ അക്രമിയാകുന്നു. അവന്റെ അദ്ധ്വാനത്തിന്റെ പങ്കുപറ്റി വളർന്ന യുദ്ധവും, ഭാര്യയും, സുഹൃത്തും അവനെ ചതിച്ചു കളഞ്ഞു''.- അവൻ വീണ്ടും വരുന്നു എന്ന നാടകത്തെ മുൻനിർത്തി ഈ നിരീക്ഷണത്തിന്റെ സാംഗത്യം വിശദമാക്കുക ?

33. സാഹിത്യകൃതി തിരക്കഥയാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എം.ടി.യുടെ 'കടവി'നെ ആധാരമാക്കി ചർച്ച ചെയ്യുക ?

34. കുഞ്ചൻനമ്പ്യാരുടെ വർണ്ണനാപാടവവും സാമൂഹികവിമർശനശൈലിയും 'കല്യാണ സൗഗന്ധികം' പാഠ്യഭാഗത്തെ ആസ്പദമാക്കി വിവരിക്കുക ?

35. ഉണ്ണായിവാരിയരുടെ കാവ്യഭംഗി അഥവാ ആവിഷ്കാരശൈലി 'നളചരിതം' പാഠ്യഭാഗത്തെ മുൻനിർത്തി വിശകലനം ചെയ്യുക ?

**(2 x 15 = 30 Marks)**

∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*